# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി2)545/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരി പത്രം സഹിതം)
2. അസി.ഡവലപ് മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3. കാര്യാലയപ്പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി2)545/2022 തീയ്യതി: 23/06/2022

## തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 04-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ.ഷാജി | ജോയിന്റ് ഡയറക്ടർ | 04-04-2022 | 13-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-04-2022 | 13-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സദാനന്ദൻ.പി.ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിദ്യാ വിക്രമൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ.കെ.സി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുനിത.ആർ, സീ.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രേഖ.ഇ.സി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി സി ശ്രീദേവി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സരിത എ കെ | സെക്രട്ടറി | 01-04-2019 | 20-06-2019 |
| ശ്രീ അമൽ ദാസ് കെ ജെ | സെക്രട്ടറി | 21-06-2019 | 03-08-2019 |
| ശ്രീമതി ജോളി വിജയൻ | സെക്രട്ടറി -ഇൻ-ചാർജ് | 03-08-2019 | 31-03-2020 |
| ശ്രീമതി പ്രബിത വി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 14-10-2019 |
| ഒഴിവ് | പട്ടികജാതി വികസന ഓഫീസർ | 15-10-2019 | 17-10-2019 |
| ശ്രീമതി ആനി എം ഒ | പട്ടികജാതി വികസന ഓഫീസർ | 18-10-2019 | 31-03-2020 |
| ശ്രീമതി ഗ്രേസി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ സന്ദീപ് സി എസ് | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.റോഷ് | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീകല | ശിശുവികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ രഘുനാഥൻ | വ്യവസായ വികസന ഓഫിസർ | 01-04-2019 | 31-03-2020 |
| ശ്രീമതി നന്ദിനി ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 20-09-2019 |
| ശ്രീമതി ശ്രീജ വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 20-09-2019 | 31-03-2020 |
| ഡോ.ലതാ മേനോൻ | സീ. വെറ്ററിനറി സർജൻ | 01-04-2019 | 25-11-2019 |
| ഡോ.ഡീന | സീ.വെറ്ററിനറി സർജൻ | 25-11-2019 | 31-03-2020 |
| ശ്രീ വി ആർ നരേന്ദ്രൻ | കൃഷി അസി.ഡയറക്ടർ | 01-04-2019 | 21-12-2019 |
| ശ്രീമതി അനില മാത്യൂ | കൃഷി അസി.ഡയറക്ടർ | 21-12-2019 | 13-01-2020 |
| ശ്രീമതി ജയമാല കെ കെ | കൃഷി അസി.ഡയറക്ടർ | 13-01-2020 | 31-03-2020 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.G.Sadanandan (Audit Officer, On 08-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 08-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.G.Sadanandan (Audit Officer, On 08-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 08-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.G.Sadanandan (Audit Officer, On 08-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.G.Sadanandan (Audit Officer, On 12-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 12-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-9 |
| 10 | വാർഷിക ധനകാര്യ പത്രിക പരിശോധന<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-10 |
| 11 | വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-10-1 |
| 12 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 06-06-2022) | 1-10-2 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-10-3 |
| 14 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കണക്കുകൾ വാർഷികകണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-10-4 |
| 15 | ഡിമാന്റ് എൻടി ഒറ്റ തവണ മാത്രം<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-10-5 |
| 16 | വരവ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-10-6 |

| | | |
|---|---|---|
| 17 | Capital Work In Progress-വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-10-7 |
| 18 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-10-8 |
| 19 | ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-10-9 |
| 20 | തൻവർഷത്തിൽ ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുക 'അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ്' എന്ന ആസ്തി ശീർഷകത്തിലേയ്ക്ക് വരവുവെച്ചിട്ടില്ല<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 06-06-2022) | 1-10-10 |
| 21 | പണം വരവിന് രസീത് പ്രിന്റ് ചെയ്തെങ്കിലും അടവാക്കിയ ആൾക്ക് രസീതിന്റെ പകർപ്പ് നല്കാതെ ക്യാൻസൽഡ് എന്ന് രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നു.<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-11 |
| 22 | റദ്ദ് ചെയ്ത രസീതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-12 |
| 23 | റെസീപ്റ്റുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 06-06-2022) | 1-13 |
| 24 | ഭരണസമിതി അംഗീകരിച്ച ലേലങ്ങൾ നടപ്പിലാക്കിയിട്ടില്ല.<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-14 |
| 25 | വാടക ഈടാക്കുന്നതിലെ അപാകതകൾ<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-15 |
| 26 | ഫലവൃക്ഷങ്ങളുടെ ആദായം ലേലം - ഫയൽ ലഭ്യമാക്കിയിട്ടില്ല.<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-16 |
| 27 | ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്നവർക്ക് സബ്സിഡി - രസീതി, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: P.G.Sadanandan (Audit Officer, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-17 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി അപാകതകൾ<br>Written By: Sunitha.R (Senior Grade Auditor, On 17-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-18 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തി-നടപടിക്രമങ്ങൾ പാലിച്ചില്ല.<br>Written By: Sunitha.R (Senior Grade Auditor, On 17-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-19 |
| 30 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -വിവിധ പഞ്ചായത്തുകൾ ,സ്ഥാപനങ്ങൾ എന്നിവയ്ക്ക് തുക നൽകൽ-കൈപ്പറ്റ് വിനിയോഗ സാക്ഷപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 06-06-2022) | 1-20 |
| 31 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - വിനിയോഗ വിവരം | 1-21 |

| | | |
|---|---|---|
| | ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | |
| 32 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: SunilKumar K C (Asst. Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-22 |
| 33 | പൊളിച്ച മാറ്റിയ സാധനങ്ങൾ ലേലം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-23 |
| 34 | മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് KPWD മാന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-24 |
| 35 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPWD മാന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-25 |
| 36 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-26 |
| 37 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPWD മാന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 1-27 |
| 38 | പൊതുമരാമത്ത് പണികൾ - പൊതു അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് KPWD മാന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-05-2022) | 3-1 |
| 2 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPwD മന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 3-2 |
| 3 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPWD മന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 3-3 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.G.Sadanandan (Audit Officer, On 11-04-2022) | 4-2 |

| | | |
|---|---|---|
| | Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 4-5 |
| 6 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 06-06-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 06-06-2022) | 4-9 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 21-02-2019 | 5(1) | 171527728 | 168459556 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 29-02-2020 | 5(1) | 153185909 | 161549883 |

### 1-2 വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം

| സമർപ്പിക്കേണ്ട തീയതി | സമർപ്പിച്ച തീയതി |
|---|---|
| 31-07-2020 | 24-06-2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9323180 |
| വരവ് | 42285436 |
| ആകെ | 51608616 |
| ചെലവ് | 43150158 |
| നീക്കിയിരിപ്പ് | 8458458 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (എ സി ആർ പ്രകാരം) | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 28591000 | 28591000 | 17098424 | 11492576 |
| വികസന ഫണ്ട് – എസ് സി പി | 0 | 16899000 | 16899000 | 13401265 | 3497735 |
| മെയിന്റനൻസ്-റോഡിതരം | 0 | 3737000 | 3737000 | 3075878 | 661122 |
| TSC | 2276076 | 71220 | 2347296 | 90737 | 2256559 |
| ICDS | 1237064 | 0 | 1237064 | 253404 | 983660 |
| MP Fund | 103891 | 4232499 | 4336390 | 4222394 | 113996 |
| PYCKA | 270000 | 10456 | 280456 | 0 | 280456 |
| കേരളോത്സവം | 0 | 60000 | 60000 | 59856 | 144 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 84 | 40580475 | 36 | 33575569 | 17 | 31 | 82.74 |

### 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.04.2022 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം കളക്ഷൻ ഇല്ല എന്നത് ബോധ്യപ്പെട്ടിട്ടുണ്ട്.

## 1-7 ആഭ്യന്തര നിയന്ത്രണം

രസീതുകൾ എഴുതി സൂക്ഷിക്കുന്നത് ശരിയായ രീതിയിലല്ല. പ്രിന്റർ പ്രവർത്തിക്കുന്നില്ല എന്ന പേരിൽ ഒരു വർഷത്തിലധികമായി സാംഖ്യാ രസീതിൽ കൈകൊണ്ട് എഴുതിയാണ് രസീതുകൾ നൽകി വരുന്നത്. ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് മാനുവൽ രസീത് പ്രകാരമാണ് പ്രിന്റർ പ്രവർത്തിക്കാത്തപ്പോൾ പണം വരവിന് രസീത് നൽകേണ്ടത്. സാംഖ്യാ രസീതിൽ കൈകൊണ്ട് എഴുതി നൽകിയ രസീതുപ്രകാരമുള്ള വരവിന്റെ കൃത്യത പരിശോധിക്കാനാകില്ല. വാടക, ലേലം സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിക്കുന്നില്ല. മറ്റ് വരവുകളുടേയും ഡിമാന്റ് രജിസ്റ്ററുകൾ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. വൌച്ചറുകളോടൊപ്പം സാംഖ്യ പേയ്മെന്റ് വൌച്ചർ പ്രിന്റെടുത്ത് സൂക്ഷിക്കുന്നില്ല. സംയുക്ത പദ്ധതികൾക്ക് വേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് കൈമാറുമ്പോൾ അതാത് പഞ്ചായത്തുകളിൽ നിന്നുള്ള സാംഖ്യാ രസീത് ഹാജരാക്കുന്നില്ല. മേൽപറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4155 | 727523 (1182 പലിശ അടക്കം) | 731678 | 726341 | 5337 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് | 0 | 0 | 0 | 0 | 0 |

മേൽപറഞ്ഞ പ്രകാരമുള്ള മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നീ തുകകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഇക്കാര്യം പരിശോധിക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 17.01.2022 മുതൽ 22.01.2022 വരെ | 2020-21 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 23.09.2020 | 2015-16 മുതൽ 2019-20 വരെ | ലഭ്യമായിട്ടില്ല |

## 1-10 വാർഷിക ധനകാര്യ പത്രിക പരിശോധന

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾക്കുള്ള മറുപടി അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 16 / 11.04.2022)

### 1-10-1 വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയിലെ പത്രികയായി ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-10-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (84,58,458.00) രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (2,32,895.00) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-4 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കണക്കുകൾ വാർഷികകണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യൂ വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും).

## 1-10-5 ഡിമാന്റ് എൻട്രി ഒറ്റ തവണ മാത്രം

2019-20ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റ തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 67,787 | 1.4.2019 | 431400101 |

## 1-10-6 വരവ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക ഡിമാന്റ് രജിസ്റ്റർ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

ഉദാഹരണം ചുവടെ ചേർക്കുന്നു.

1. വാടക ഡിമാന്റ് രജിസ്റ്റർ

1.1. അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല.

മുറി വാടക

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 67,787 | 61,734 | 6,053 |
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കുടിശ്ശിക) | 7550 | 6175 | 1,375 |

1.2. കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന തുകകൾ പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം |
|---|---|---|
| Sale Of Scrap | 300 | 300 |
| Sale Of Tender Forms | 19,540 | 19,540 |
| Sale Of Usufructs Of Trees | 24,500 | 24,500 |

## 1-10-7 Capital Work In Progress-വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

31/3/2020ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-11(a)) പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 1,210,671/- രൂപയാണ്. എന്നാൽ ഇതിന്റെ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

## 1-10-8 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ Income And Expenditure പത്രിക പ്രകാരം 2,750,880/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-10-9 ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-10 തൻവർഷത്തിൽ ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുക 'അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ്' എന്ന ആസ്തി ശീർഷകത്തിലേയ്ക്ക് വരവുവെച്ചിട്ടില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/വൗച്ചർ നമ്പർ | തുക | സ്ഥാപനം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 67/2019-20 | തൃപ്രയാർ സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൽ മാമോഗ്രാം സെന്റർ | 33/19-20 28.2.19 | 5,57,522 | പി.ഡബ്ല്യൂ.ഡി | 460500...-Advance To Implementing Agencies-Deposit With PWD |

| | | | | | | |
|---|---|---|---|---|---|---|
| | ആരംഭിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കൽ | | | | | |

മേൽ അപാകത തുടർവർഷങ്ങളിൽ പരിഹരിക്കേണ്ടതും വാർഷിക കണക്കുകളിലും അഡ്വാൻസ് രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

## 1-11 പണം വരവിന് രസീത് പ്രിന്റ് ചെയ്തെങ്കിലും അടവാക്കിയ ആൾക്ക് രസീതിന്റെ പകർപ്പ് നല്കാതെ ക്യാൻസൽഡ് എന്ന് രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നു.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011 ചട്ടം 20 പ്രകാരം എല്ലാ പണം വരവുകൾക്കും രസീതി നൽകേണ്ടതാണ്. എന്നാൽ 5.11.19 തീയതിയിൽ രഘു രാമൻ പണിക്കർ എന്നവരിൽ നിന്നും ഫ്രന്റ് ഓഫീസ് മുഖേന വളന്ററി കോൺട്രിബൂഷൻ ആൻഡ് ഡൊണേഷൻ ഇനത്തിൽ ചെക്ക് നമ്പർ സി 4060532 പ്രകാരം സ്വീകരിച്ച 4,20,000 രൂപ 11902500001 എന്ന സംഖ്യാ രസീത് നമ്പർ പ്രകാരം ഡേബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക ബാങ്കിൽ വരവും വന്നിട്ടുണ്ട്. എന്നാൽ ടി സാംഖ്യ രസീത് ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തി (സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല) ഒറിജിനൽ രസീത് കൌണ്ടർഫോയിലിനോടൊപ്പം സൂക്ഷിച്ചിട്ടുണ്ട്. ടി രസീത് ക്യാൻസൽ ചെയ്തതായി ക്യാൻസെൽഡ് റെസിപ്റ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല. ക്യാൻസൽ ചെയ്യാത്ത രസീത് ക്യൻസൽഡ് എന്ന് രേഖപ്പെടുത്തുകയും കക്ഷിക്ക് നൽകേണ്ട രസീതിന്റെ പകർപ്പ് കാര്യാലയത്തിൽ തന്നെ സൂക്ഷിച്ചതായും കാണുന്നു. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 റദ്ദ് ചെയ്ത രസീതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

രസീത് പ്രിന്റ് ചെയ്തതിനു ശേഷം രസീത് റദ്ദ് ചെയ്യുമ്പോൾ റദ്ദാക്കുന്നതിന് കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. സെക്രട്ടറിയുടെ അനുമതി കൂടാതെ രസീത് റദ്ദ് ചെയ്യരുത്. എന്നാൽ താഴെ സൂചിപ്പിച്ച രസീതുകൾ ക്യാൻസൽ ചെയ്തതിന്റെ കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മയെ ചൂണ്ടിക്കാണിക്കുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
ഉദാ: C 4060519, C 4060532 എന്നീ സ്റ്റേഷനറി രസീതുകൾ.

## 1-13 റെസീപ്റ്റുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള ട്രെഷറി കോഡ് വോള്യം I ആർട്ടിക്കിൾ 92 (ബി)കുറിപ്പ് 2(ii), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ലെ ചട്ടം 82, 83 എന്നിവ പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്ന മാന്വൽ റെസീപ്റ്റുകൾ, സാംഖ്യ റെസിപ്പ്റ്റുകൾ എന്നിവയുടെ അക്കൗണ്ടുകൾ കൃത്യമായി സൂക്ഷിക്കേണ്ടതിന്റെയും കൈകാര്യം ചെയ്യേണ്ടതിന്റെയും പ്രാധാന്യം വിശദീകരിക്കുന്നുണ്ട് . സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനെ തുടർന്ന് പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 21 / 11.4.22 ) പുതുതായി എഴുതി തയ്യാറാക്കിയ സ്റ്റോക്ക് രജിസ്റ്ററാണ് ഹാജരാക്കിയത്. ആയതിൽ നിന്നും മാന്വൽ രസീതികളുടെയും സാംഖ്യ രസീതികളുടെയും മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് എന്നിവ മനസിലാക്കാൻ സാധിക്കാത്തതോടൊപ്പം ഭൗതീകപരിശോധനയിലൂടെ അവയുടെ നീക്കിബാക്കിയുടെ കൃത്യത ഉറപ്പുവരുത്താനും ഓഡിറ്റിന് സാധിച്ചിട്ടില്ല.
സ്ഥാപനത്തിൽ 23.9.17 മുതൽ 64394 എന്ന റെസിപ്റ്റ് ബുക്കാണ് ഉപയോഗിച്ചു വരുന്നത്. ടി റെസിപ്റ്റ് ബുക്കാണ് അവസാനമായി ഉപയോഗിച്ചതായി ഹാജരാക്കിയിട്ടുള്ളത്. ആയതിന്റെ രസീതി നമ്പർ 66/19.11.20 വരെ ഉപയോഗിച്ചിട്ടുണ്ട്. ശേഷമുള്ള രസീതികൾ ക്യാൻസൽ ചെയ്യാത്ത നിലയിലാണ്. ടി രസീതി പുസ്തകത്തിൽ പേജുകളുടെ എണ്ണം സംബന്ധിച്ച വിവരം (സർട്ടിഫിക്കറ്റ് ഓഫ് കൗണ്ടർ) സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല (കേരള ട്രഷറി കോഡ് വോള്യം I ആർട്ടിക്കിൾ 92 (ബി)കുറിപ്പ് 2 (ജി).
മേൽ സൂചിപ്പിച്ച ഗൗരവമേറിയ അപാകതകൾ മുഖേന സ്ഥാപനത്തിലെ വരവ് വയ്ക്കുന്നതിലെ സുതാര്യതയും കൃത്യതയും ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-14 ഭരണസമിതി അംഗീകരിച്ച ലേലങ്ങൾ നടപ്പിലാക്കിയിട്ടില്ല.

ഭരണസമിതി അംഗീകരിച്ച താഴെ പറയുന്ന ലേലങ്ങൾ നടപ്പിലാക്കിയതിന്റെ തുടർനടപടി വിവരങ്ങൾ

ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഭരണസമിതി തീരുമാനം കൈക്കൊണ്ട തീയതി | തീരുമാനം നമ്പർ | ലേല വിവരം | ചുമതലപ്പെടുത്തിയ വ്യക്തി | ഓഡിറ്റ് എൻക്വയറി നമ്പർ:18/ 11-04-2022 | എൻക്വയറിക്ക് നൽകിയ മറുപടി | ഓഡിറ്റ് നിർദ്ദേശം |
|---|---|---|---|---|---|---|---|
| 1. | 24.7.2019 | അജണ്ട 5 – തീരുമാനം-7 | ചാഴൂർ ഗ്രാമപഞ്ചായത്ത് വാർഡ് 3 ലെ കുഞ്ഞാലുക്കൽ ഭാഗത്ത് പഴയ വി.ഇ.ഒ. ഓഫിസ് സ്ഥിതി ചെയ്തിരുന്ന സ്ഥലത്തിന്റെ പിൻഭാഗത്ത് മതിലിന് തൊട്ടടുത്ത് നില്ക്കുന്ന പൂള മരവും ടി സ്ഥലത്തിന്റെ വലതു ഭാഗത്തായി നിൽക്കുന്ന വാകമരത്തിന്റെ കോമ്പൗണ്ടിനു പുറത്തേക്കായി നിൽക്കുന്ന കൊമ്പുകളും മുറിച്ചു മാറ്റുന്നതിനായി തീരുമാനിച്ചു. | സെക്രട്ടറി | മുറിച്ചു മാറ്റിയ മരങ്ങൾ ലേലം നടത്തിയതിന്റെ വിവരങ്ങൾ, ലേലരജിസ്റ്റർ, ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കുവാൻ | മരങ്ങൾ മുറിച്ചു മാറ്റി യിട്ടുണ്ട്. ലേലം ഉടൻ ചെയ്യു ന്നതാണ് | ലേല നടപടി കൾ സ്വീകരിച്ച് വിവരം ഓഡി റ്റിനെ അറിയി ക്കേണ്ട താണ്. |
| 2. | 29.08.2019 | അജണ്ട 5 – തീരുമാനം-4 | അന്തിക്കാട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ വീണ് കിടക്കുന്ന മരം ലേലം ചെയ്ത് മുറിച്ചു മാറ്റുന്നതിന് ഭരണ സമിതി തീരുമാനിച്ചു. | അന്തിക്കാട് സി.എച്ച്.സി. സൂപ്രണ്ട് | മരങ്ങൾ ലേലം നടത്തിയതിന്റെ വിവരം, ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും സഹിതം ലഭ്യമാക്കുവാൻ | മറുപടി ലഭ്യമാ ക്കിയിട്ടില്ല | ലേല നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറി യിക്കേണ്ട താണ്. |
| 3. | 27.9.2019 | അജണ്ട 4-തീരുമാനം-1 | അന്തിക്കാട് സി.എച്ച്.സി യിലെ കാലവർഷത്തിൽ മറിഞ്ഞു വീണ മാവ്, തേക്ക് എന്നീ മരങ്ങൾ ലേലം ചെയ്യുന്നതിന് അനുമതി നല്കിയ യോഗം തീരുമാനിച്ചു. | അന്തിക്കാട് സി.എച്ച്.സി. സൂപ്രണ്ട് | മരങ്ങൾ ലേലം നടത്തിയതിന്റെ വിവരം, ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും സഹിതം ലഭ്യമാക്കുവാൻ | മറുപടി ലഭ്യമാ ക്കിയിട്ടില്ല | ലേല നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറി യിക്കേണ്ട താണ്. |
| 4. | 27.9.2019 | അജണ്ട 5 – തീരുമാനം-11 | അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പഴയ കെട്ടിടത്തിനു ഭീഷണിയായി നില കൊള്ളുന്ന, സ്റ്റേജിനു പുറകിലായി നിലകൊള്ളുന്ന മാവ്, | സെക്രട്ടറി | മരങ്ങൾ ലേലം നടത്തിയതിന്റെ വിവരം, ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും സഹിതം | മരങ്ങൾ മുറിച്ചു മാറ്റി യിട്ടില്ല. | മരങ്ങൾ മുറിച്ചു മാറ്റി ലേല നടപടികൾ സ്വീകരിച്ച് വിവരം ഓഡി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | സ്റ്റേജിന്റെ മുൻപിൽ നില്കുന്ന 2 മരങ്ങൾ , മറ്റു മരങ്ങളുടെ ശാഖകൾ എന്നിവ മുറിച്ചു മാറ്റുന്നതിന് കമ്മിറ്റി തീരുമാനിച്ചു. | | ലഭ്യമാക്കുവാൻ | | റ്റിനെ അറി യിക്കേണ്ട താണ്. |
| 5. | 15.10.2019 | അജണ്ട 7 തീരുമാനം-6 | അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന 2 അരണ മരം , ഒരു പൂമരം എന്നിവ മുറിച്ചു മാറ്റുന്നതിന് യോഗം തീരുമാനിച്ചു. | സെക്രട്ടറി | മരങ്ങൾ ലേലം നടത്തിയതിന്റെ വിവരം, ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും സഹിതം ലഭ്യമാക്കുവാൻ | മരങ്ങൾ മുറിച്ചു മാറ്റി യിട്ടില്ല. | മരങ്ങൾ മുറിച്ചു മാറ്റി ലേല നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറി യിക്കേണ്ട താണ്. |

2019 -20 വാർഷികകണക്കു പ്രകാരം Sale Of Scrap ഇനത്തിൽ 300 രൂപ ഈടാക്കിയിട്ടുണ്ട്. മേൽ നമ്പറിലുള്ള ആയതിന്റെ ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ മേൽ നമ്പറിലുള്ള ഓഡിറ്റ് എൻക്വയറിക്കും മറുപടി ലഭ്യമാക്കിയിട്ടില്ല. ലേലം സംബന്ധിച്ച ഫയൽ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-15 വാടക ഈടാക്കുന്നതിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 3 മുറികളാണ് വാടകക്ക് കൊടുത്തിരിക്കുന്നത്. ഇവയിൽ വനിതാ കാന്റീൻ, അക്ഷയകേന്ദ്രം (ഇപ്പോൾ ഈ മുറിയിൽ സർവദോഭദ്രം എന്ന സ്ഥാപനം പ്രവർത്തിക്കുന്നു), കാർഷിക വിപണനകേന്ദ്രം എന്നിവയാണ് പ്രവർത്തിക്കുന്നത്. വാടകയുമായി ബന്ധപ്പെട്ട ബൈലോ, കരാറുകൾ എന്നിവയടങ്ങുന്ന ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റിൽ ലഭ്യമാക്കിയ വാടകയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വനിതാ കാന്റീനിന്റെ വാടക

1.6.19 ലെ തീരുമാനം : 5.3 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വനിതാ കാന്റീനിന്റെ വാടക 2019 മാർച്ച് മുതൽ 1650/- ൽ നിന്നും 10 % ഉയർത്തി 1815/- ആയി ഈടാക്കുന്നതിന് ഭരണ സമിതി തീരുമാനിച്ചിരുന്നു. എന്നാൽ ടി തീരുമാനം നടപ്പിലാക്കാതെ 2019 ആഗസ്റ്റ് വരെ പഴയ നിരക്കായ 1650/- വച്ച് തന്നെയാണ് ഈടാക്കിയിരുന്നത്. ഈയിനത്തിൽ 990 രൂപ (ജി എസ് ടി, പിഴ പുറമേ) ഈടാക്കേണ്ടതുണ്ട്. കുടിശ്ശിക ഈടാക്കേണ്ടതും
കരാർ ഉടമ്പടികൾ അടങ്ങുന്ന ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമാക്കിപരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

2. അക്ഷയകേന്ദ്രത്തിന്റെ വാടക

1.6.19 ലെ തീരുമാനം : 5.1 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രത്തിന്റെ വാടക 2019 മെയ് മുതൽ 3025/- ൽ നിന്നും 10 % ഉയർത്തി 3327/- ആയി ഈടാക്കുന്നതിന് ഭരണ സമിതി തീരുമാനിച്ചിരുന്നു. എന്നാൽ ടി തീരുമാനം നടപ്പിലാക്കാതെ 2019 ജൂൺ മുതൽ മാത്രമാണ് പുതിയ നിരക്കായ 3327/- വച്ച് ഈടാക്കിയിരുന്നത്. കുടിശ്ശിക ഈടാക്കേണ്ടതും കരാർ ഉടമ്പടികൾ അടങ്ങുന്ന ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമാക്കിപരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

3. സർവതോഭദ്രം

കരാർ ഉടമ്പടികൾ അടങ്ങുന്ന ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4. കാർഷിക വിപണനകേന്ദ്രം

കരാർ ഉടമ്പടികൾ അടങ്ങുന്ന ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

5. ജി.എസ്.ടി., ഫ്ലഡ് സെസ്സ്, പിഴ പലിശ

വാടകയോടൊപ്പം ജി.എസ്.ടി., ഫ്ലഡ് സെസ്സ്, വൈകി അടവാക്കുമ്പോൾ ഈടാക്കേണ്ട പിഴ പലിശ എന്നിവ ഈടാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ: 20/11-04-2022) അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പറഞ്ഞ മുഴുവൻ അപാകതകളും പരിഹരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഫലവൃക്ഷങ്ങളുടെ ആദായം ലേലം - ഫയൽ ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ ഫലവൃക്ഷങ്ങളുടെ ആദായവും ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനമായ വെറ്ററിനറി പോളി ക്ലിനിക് കോമ്പൗണ്ടിലുള്ള ഫലവൃക്ഷങ്ങളുടെ ആദായവും ലേലം ചെയ്ത് നല്കിയ കരാർ 13.10.2019 തിയ്യതിക്ക് അവസാനിച്ചിട്ടുള്ളതിനാൽ അടുത്ത് 3 വർഷത്തേക്ക് പുതിയതായി ലേലം ചെയ്ത് നൽകുന്നതിന് 29.10.19 ലെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി യോഗത്തിലെ അജണ്ട 6, തീരുമാനം 14 പ്രകാരം തീരുമാനിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി സെക്രട്ടറിയെ ചുമതലപ്പെടുത്തി. തുടർന്ന് 30.11.19 ലെ അജണ്ട 8 തീരുമാന നമ്പർ- 14 പ്രകാരം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ഫലവൃക്ഷങ്ങളുടെ ആദായം ലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുതിയതായും കാണുന്നു. തുടർനടപടി സ്വീകരിച്ചതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി പ്രസ്തുത ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വാർഷിക കണക്ക് പ്രകാരം 2019-20 ൽ 24,500 രൂപ ഈ ഇനത്തിൽ വരവുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 19/11-04-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്നവർക്ക് സബ്സിഡി - രസീതി, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര് – ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്നവർക്ക് സബ്സിഡി
നിർവ്വഹണ ഉദ്യോഗസ്ഥൻ – ഡയറി എക്സ്റ്റൻഷൻ ഓഫീസർ
പ്രൊജക്റ്റ് നമ്പർ – 39/2019-20
അടങ്കൽ – 5,00,000/- (വികസന ഫണ്ട് പൊതുവിഭാഗം-സാധാരണ വിഹിതം )
ചെലവ് – 5,00,000/- (വികസന ഫണ്ട് പൊതുവിഭാഗം-സാധാരണ വിഹിതം )
ബിൽ നമ്പർ – 1/ 19-20 തീയതി 28.9.19

മേൽ പ്രൊജക്റ്റ് പ്രകാരം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള അന്തിക്കാട് ഗ്രാമപഞ്ചായത്ത്, അരിമ്പൂർ ഗ്രാമപഞ്ചായത്ത്, മണലൂർ ഗ്രാമപഞ്ചായത്ത്, താന്ന്യം ഗ്രാമപഞ്ചായത്ത്, ചാഴൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് റിക്വിസിഷൻ വാങ്ങി തുക മാറി അതാതു പഞ്ചായത്തുകളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 5 ഗ്രാമപഞ്ചായത്തുകൾക്കും തുക കൈമാറിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. അരിമ്പൂർ ഗ്രാമപഞ്ചായത്ത് – 75,000 (അക്കൗണ്ട് നമ്പർ – 799011400002159)
2. അന്തിക്കാട് ഗ്രാമപഞ്ചായത്ത് – 75,000 (അക്കൗണ്ട് നമ്പർ – 799011400001262)
3. താന്ന്യം ഗ്രാമപഞ്ചായത്ത് -2,20,000 (അക്കൗണ്ട് നമ്പർ – 799011400000969)
4. ചാഴൂർ ഗ്രാമപഞ്ചായത്ത് – 50,000 (അക്കൗണ്ട് നമ്പർ – 799011400001065)
5. മണലൂർ ഗ്രാമപഞ്ചായത്ത് – 80,000 (അക്കൗണ്ട് നമ്പർ – 799011400000658)

ആകെ – 5,00,000

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിൽ തുക അനുവദിച്ചു കിട്ടേണ്ട IFSC നമ്പർ, അക്കൗണ്ട് നമ്പർ എന്നിവ ലഭ്യമാക്കിയതിൽ അരിമ്പൂർ, ചാഴൂർ, താന്ന്യം എന്നീ പഞ്ചായത്തുകളിലേക്ക് തുക മാറിയത് പരിശോധിക്കാൻ സാധിച്ചു എങ്കിലും അന്തിക്കാട്, മണലൂർ എന്നീ പഞ്ചായത്തുകളിലേക്ക് തുക നൽകിയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഈ ആവശ്യത്തിലേക്കായി അന്തിക്കാട്, മണലൂർ എന്നീ പഞ്ചായത്തുകളുടെ IFSC നമ്പർ, അക്കൗണ്ട് നമ്പർ എന്നിവ ലഭ്യമാക്കേണ്ടതാണ്.
- താഴെ പറയുന്ന ഗ്രാമപഞ്ചായത്തിൽ നിന്നും സാംഖ്യ രസീതിയും വിനിയോഗസാക്ഷ്യപത്രവും ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.
- 1. അന്തിക്കാട് ഗ്രാമപഞ്ചായത്ത്
- 2. മണലൂർ ഗ്രാമപഞ്ചായത്ത്
- 3. ചാഴൂർ ഗ്രാമപഞ്ചായത്ത്

മേൽ പറഞ്ഞ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 26/12-04-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുകയുടെ കൈപ്പറ്റ് രസീതും വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കാത്തതിനാൽ അന്തിക്കാട്, മണലൂർ, ചാഴൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ 205000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-പട്ടികജാതിവികസന ഓഫീസർ

പ്രൊജക്ട് നം.s05/2019-20

പ്രൊജക്ടിന്റെ പേര്-പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

1)നിർമ്മാണം പൂർത്തീകരിച്ചില്ല.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പര് | ഗുണഭോക്താവിന്റെ പേര് | ബിൽ നം/തിയതി വൗച്ചർ നം/തിയതി | നൽകിയ തുക | |
|---|---|---|---|---|
| 1 | സൂര്യദാസ്.വി.എ, വാഴപ്പിള്ളി വീട് | 5/19-20/20.9.19 | 50000 | 150000 |
| | | 21900531/14.11.19 | 50000 | |
| | | 20/19-20/22.1.20 | 50000 | |
| 2 | ആദിത്യ .പി.എസ് | 8/19-20/17.10.19 | 50000 | 100000 |
| | | 3/20-21/10.6.20 | 50000 | |

പഠനമുറി പൂർത്തീകരിക്കുന്നതിന് നിരവധി തവണ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും വീണ്ടും നിർദ്ദേശം നൽകുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.30/13.4.22)മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ ഗുണഭോക്താക്കളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം ഗുണഭോക്താവിന് അനുവദിച്ച തുക പിഴ പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

2. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരിച്ച താഴെ പറയുന്ന ഗുണഭോക്താവിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ ഗുണഭോക്താവിനു നൽകിയ അവസാന ഗഡുവായ 50000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| ഗുണഭോക്താവിന്റെ പേര് | ബിൽ നം/ തിയതി | നൽകിയ തുക |
|---|---|---|
| ആദിത്ത് .ഇ.സി, എടമനി ഹൗസ് | 21900451/17.10.19 | 50000 |
| | 29900531/14.11.19 | 50000 |
| | 21900732/27.2.20 | 50000 |
| | 21900778/20.3.20 | 50000 |

## 1-19 ഡെപ്പോസിറ്റ് പ്രവൃത്തി-നടപടിക്രമങ്ങൾ പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പ്രോജക്ട് നമ്പർ-67/2019-20

തൃപ്രയാർ സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൽ മാമോഗ്രാം സെന്റർ ആരംഭിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കൽ എന്ന പ്രോജക്ടിനു വേണ്ടി മാമോഗ്രാം എക്സ്റേ യൂണിറ്റ് ആരംഭിക്കുന്നതിലേക്കായി തൃപ്രയാർ സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന അനുബന്ധ കെട്ടിടത്തിലേക്ക് ഇലക്ട്രിഫിക്കേഷനും ശീതീകരണവും ചെയുന്നതിന് പി ഡബ്ലിയു ഡി ഇലക്ട്രിക്കൽ വിങ്ങിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നമ്പർ/വൗച്ചർ നമ്പർ | തുക | സ്ഥാപനം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|
| 33/19-20 28.2.19 | 5,57,522 | അസി.എഞ്ചിനീയർ പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംങ്ങ് സെക്ഷൻ | 460500...-Advance To Implementing Agencies-Deposit With PWD |

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തിതായി കാണുന്നു.

28.1.2018 ലെ പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ ഉ ( കൈ) നം.11/ 2018 തസ്വഭവ ഖ11.2. ഡി(ii) പ്രകാരം വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി തുടങ്ങിയ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകകേണ്ടതാണെന്നും തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെടാതെയാണ് തുക മുൻകൂർ നൽകിയിരിക്കുന്നത്.

നടപടിക്രമങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി(നം.22/12.4.22)

## 1-20 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -വിവിധ പഞ്ചായത്തുകൾ ,സ്ഥാപനങ്ങൾ എന്നിവയ്ക്കു തുക നൽകൽ-കൈപ്പറ്റ് വിനിയോഗ സാക്ഷപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളും ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | നൽകിയ തുക | തുക കൈപ്പറ്റിയ സ്ഥാപനം | വൗച്ചർ നം./തീ | ഓഡിറ്റിന് ആവശ്യമായ രേഖകൾ |
|---|---|---|---|---|---|
| 1 | 23/19-20, താന്ന്യം ലക്ഷംവീട് കോളനി നടപ്പാത സൈഡ് കെട്ടൽ | 300000/- | താന്ന്യം ഗ്രാമ പഞ്ചായത്ത് | 21900627/24.10.2019 | ടി തുകയുടെ പഞ്ചായത്തിൽ നിന്നുള്ള സാംഖ്യ രസീതും പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രവും |
| 2 | 75/19-20,താന്ന്യം പഞ്ചായത്തിലെ തോട്ടാൻ ചിറ കോളനി സൈഡ് കെട്ട് | 300000/- | താന്ന്യം ഗ്രാമ പഞ്ചായത്ത് | 21900626/24.10.2019 | ടി തുകയുടെ പഞ്ചായത്തിൽ നിന്നുള്ള സാംഖ്യ രസീതും പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രവും |
| 3 | 89/19-20,താന്ന്യം പഞ്ചായത്തിലെ 8-ാം വാർഡിലെ ലക്ഷം വീട് കോളനി റോഡ് നവീകരണം | 450000/- | താന്ന്യം ഗ്രാമ പഞ്ചായത്ത് | 21900628/24.10.2019 | ടി തുകയുടെ പഞ്ചായത്തിൽ നിന്നുള്ള സാംഖ്യ രസീതും പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രവും |
| 4 | ചാഴൂർ -കണ്ണംതുരുത്ത് കോളനി -കുടിവെള്ള പദ്ധതി | 715000/- | കേരള ഭൂജല വകുപ്പ് | 21900582/14.10.2019 | കേരള ഭൂജല വകുപ്പിന് (ട്രഷറി അക്കൌണ്ട് നമ്പർ 713011400000047) നൽകിയിട്ടുണ്ട്. ടി |

| | | | | | |
|---|---|---|---|---|---|
| | | | | | വകുപ്പുമായി ഏർപ്പെട്ട കരാർ,പദ്ധതി പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം , UTR Statement/കൈപ്പറ്റ് രസീത്എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (മറുപടിയായി തന്ന UTR Statementൽ UTR നമ്പർ ഇല്ല) |
| 5 | 8/20-IKM ബ്ലോക്ക് വിഹിതം | 45490/- | IKM | 21900227/ 23.7.2019 | വിനിയോഗ സാക്ഷ്യപത്രം |
| 6 | 69/20-കാൻ തൃശ്ശൂർ -ക്യാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം -ജില്ല പഞ്ചായത്തിന് വിഹിതം കൈമാറൽ | 120000/- | ജില്ല പഞ്ചായത്ത് | 21900625/ 04.10.2019 | വിനിയോഗ സാക്ഷ്യപത്രം |
| 7 | അന്തിക്കാട്ബ്ലോക്ക് പഞ്ചായത്തിൽ ആർ.ഒ പ്ലാന്റ് സ്ഥാപിക്കലും താന്ന്യം അന്തിക്കാട് ഗ്രാമ പഞ്ചായത്തുകളിൽ കാനനിർമ്മാണത്തിനും നീർച്ചാലുകൾ പൊതുകിണർ വൃത്തിയാക്കലിനു തുക കൈമാറൽ | 873000/- | അന്തിക്കാട് ഗ്രാമ പഞ്ചായത്ത് | 21900783/16.03.2020 | തുകയുടെ പഞ്ചായത്തിൽ നിന്നുള്ള സാംഖ്യ രസീത്, പദ്ധതി പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം |
| 8 | അരിമ്പൂർ പഞ്ചായത്ത് -വെളുത്തൂർ സെറ്റിൽമെന്റ് കോളനി -ആർ.ഒ പ്ലാന്റ് സ്ഥാപിക്കൽ | 45120/- | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 21900775/ 20.03.2020 | ടി പദ്ധതിയ്ക്കു മോട്ടോർ സ്ഥാപിക്കുന്നതിന് 47672/-രൂപയുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നൽകിയിട്ടുണ്ട്. പ്രോജക്ടിൽ ബാക്കിയുള്ള തുകയായ 45120/- രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് |

| | | | | | |
|---|---|---|---|---|---|
| | | | | | നൽകിയിട്ടുണ്ട്.ടി പദ്ധതിയുടെ പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം |
| 9 | 50/20-പുത്തൻപീടിക ആയുർവ്വേദ ആശുപത്രിയിലേക്ക് വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ -പഞ്ചായത്തിന് വിഹിതം നൽകൽ | 500000/- | അന്തിക്കാട് ഗ്രാമ പഞ്ചായത്ത് | 21900260/19.7.2019 | സാംഖ്യ രസീത്, വിനിയോഗ സാക്ഷ്യപത്രം |
| | ആകെ | 33,48,610 | | | |

മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുംവരെ ചെലവ് തുകയായ 33,48,610/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ -12/08-04-2022)

## 1-21 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

1)പ്രോജക്റ്റ് -പി.എം.എ.വൈ /ലൈഫ് വീട് നിർമ്മാണം (എസ്സ്.സി)

ചെലവ് -1) 6741888 (Scp Fund)

2) 98000 (District Panchayath Share)

ആകെ -6839888 (സുലേഖ ചെലവ് പത്രിക പ്രകാരം)

ടി പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തുന്ന പി.എം.എ.വൈ ഭവന ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകുന്നതിനും, ലൈഫ് ഭവന നിർമ്മാണത്തിന് പഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനുമാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

മേൽ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പഞ്ചായത്തുകൾ ലൈഫ് ഭവന പദ്ധതിയ്ക്കു വാഹിതം നൽകിയിട്ടുണ്ട്.

| തുക നൽകിയ പഞ്ചായത്ത് | നൽകിയ തുക | വൗച്ചർ നമ്പർ/തീയ്യതി | പഞ്ചായത്തുകൾ ആവശ്യപ്പെട്ടി-ട്ടുള്ള തുക | ഓഡിറ്റിന് ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| ചാഴൂർ | 1000000/- | 21900543/14.10.2019 | 1000000/- Lr.no.A4/7746/ 18-4.10.2019 | പഞ്ചായത്ത് ആവശ്യപ്പെട്ടതിലും അധികം തുകനൽകി കാണുന്നു. നൽകിയ തുകകളുടെ പഞ്ചായത്തിൽനിന്നുള്ള സാംഖ്യ രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവയും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. |
| | 1000000/- | 21900727/18.2.2020 | | |
| അരിമ്പൂർ | 500000/- | 21900530/28.10.2019 | 2700000/- | പഞ്ചായത്ത് 2700000/- ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1987361/-രൂപയേ നൽകിയിട്ടുള്ളൂ. നൽകിയ തുകകളുടെ പഞ്ചായത്തിൽനിന്നുള്ള സാംഖ്യ രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവയും ഓഡിറ്റിന് |
| | 1487361/- | 21900726/18.2.2020 | | |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമാക്കേണ്ടതാണ്. |
| താന്ന്യം | 650000/- | 21900544/14.10.2019 | 650000/- Lr.no.B2/PLAN 100/19/ 17.02.2020 | പഞ്ചായത്ത് ആവശ്യപ്പെട്ടതിലും അധികം തുക നൽകി കാണുന്നു. നൽകിയ തുകകളുടെ പഞ്ചായത്തിൽ നിന്നുള്ള സാംഖ്യ രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവയും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. |
| | 650000/- | 21900728/18.2.2020 | | |
| ആകെ | 52,87,361/ | | | |

(എ) ചാഴൂർ,താന്ന്യം എന്നീ പഞ്ചായത്തുകൾക്ക് ആവശ്യപ്പെട്ടതിലും അധികം തുകനൽകുകയും അരിമ്പൂർ പഞ്ചായത്തിന് ആവശ്യപ്പെട്ടത് നൽകിയും കാണുന്നില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

(ബി) ടി പദ്ധതിയുടെ തൻവർഷത്തെ ചെലവ് 6839888/- രൂപയാണ്. ഓഡിറ്റിന് 6551888 /- രൂപയുടെ ഫയലുകളെ ലഭ്യമാക്കിയിട്ടുള്ളു. 2,88,000/ - രൂപയുടെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കാനുണ്ട്.

2) പ്രോജക്ട് -പി.എം.എ.വൈ /ലൈഫ് വീട് നിർമ്മാണം (ജനറൽ)

ചെലവ് - 1.5718200 (വികസന ഫണ്ട്)

2.98000 (District Panchayath Share)

ആകെ -5816200(സുലേഖ ചെലവ് പത്രിക പ്രകാരം)

മേൽ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പഞ്ചായത്തുകൾ ലൈഫ് ഭവന പദ്ധതിയ്ക്കു വിഹിതം നൽകിയിട്ടുണ്ട്

| തുക നൽകിയ പഞ്ചായത്ത് | തുക | വൗച്ചർ നമ്പർ/തീയ്യതി | പഞ്ചായത്തുകൾ ആവശ്യപ്പെട്ടി-ട്ടുള്ള തുക | ഓഡിറ്റിന് ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| ചാഴൂർ | 500000/- | 21900263/27.7.2019 | 1000000/- Lr.no.A4/7746/ 18-21.12.2019 | സാംഖ്യ രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ |
| | 443100/- | 21900725/17.2.2020 | | |
| അരിമ്പൂർ | 500000/- | 21900340/27.08.2019 | 2925000/-lr.no.A2-6310 /18/21.12.2019 | നൽകിയ തുകകളുടെ പഞ്ചായത്തിൽനിന്നുള്ള സാംഖ്യ രസീത്, വിനിയോഗസാക്ഷ്യപത്രം |
| | 436400/- | 21900535/28.102019 | | |
| താന്ന്യം | 1000000/- | 21900341/27.8.2019 | 1500000/- Lr.no.B2/PLAN 100/19/ 22.07.2019 | നൽകിയ തുകകളുടെ പഞ്ചായത്തിൽനിന്നുള്ള സാംഖ്യ രസീത്, വിനിയോഗസാക്ഷ്യപത്രം |
| | 500000/- | 21900263/27.7. 2019 | | |
| അന്തിക്കാട് | 500000/- 1000000/- | 21900081/7.5.19 21900339/27.8.2019 | തുക ആവശ്യപ്പെട്ടു കൊണ്ടുള്ള പഞ്ചായത്തിന്റെ കത്ത് ഫയലിൽ ഇല്ല | നൽകിയ തുകകളുടെ പഞ്ചായത്തിൽനിന്നുള്ള സാംഖ്യ രസീത്, വിനിയോഗസാക്ഷ്യപത്രം |
| മണലൂർ | 443100/- | 21900725/17.2.2020 | 994200/- Lr.no.C3/750/19 | നൽകിയ തുകയുടെ പഞ്ചായത്തിൽനിന്നുള്ള സാംഖ്യ രസീത്, വിനിയോഗസാക്ഷ്യപത്രം |
| ആകെ | 53,22,600 | | | |

മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവരെ ചെലവ് തുകകളായ 52,87,361 + 2,88,000 + 53,22,600=

1,08,97,961/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി 12/08-04-2022)

## 1-22 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നം. 30/20

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി അസി. ഡയറക്ടർ

അടങ്കൽ 750000

ചെലവ് 750000

2019-20 സാമ്പത്തിക വർഷത്തിൽ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നടത്തിപ്പിനായി 750000 രൂപ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നല്കിയിരുന്നു. അന്തിക്കാട് ഗ്രാമ പഞ്ചായത്തിന് 490000 രൂപയും ചാഴൂർ ഗ്രാമ പഞ്ചായത്തിന് 200000 രൂപയും താന്ന്യം ഗ്രാമപഞ്ചായത്തിന് 60000 രൂപയും 21.1.20ന് നല്കിയിരുന്നു. 13.10.2019 ലെ കത്തിൽ മണലൂർ, അരിമ്പൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് വിഹിതം ഉൾപ്പെടുത്തിയിട്ടില്ല എന്ന വിവരം അറിയിച്ചിട്ടുമുണ്ട്. അന്തിക്കാട് ഗ്രാമപഞ്ചായത്തും ചാഴൂർ ഗ്രാമ പഞ്ചായത്തും പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ താന്ന്യം ഗ്രാമപഞ്ചായത്തിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

## 1-23 പൊളിച്ചു മാറ്റിയ സാധനങ്ങൾ ലേലം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 73/2020 പ്രകാരം നടപ്പാക്കിയ വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ അധിക സൗകര്യം ഏർപ്പെടുത്തൽ എന്ന പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി പൊളിച്ചുമാറ്റിയ പഴയ MS Steel Rods, Angles, AC Sheets, Anjily Wood Shutters മുതലായവ പ്രവ്യത്തി സ്ഥലത്ത് Stack ചെയ്തിട്ടുണ്ടെന്നും മേൽപറഞ്ഞ സാധനങ്ങൾക്ക് 21535 രൂപ മൂല്യം വരുമെന്നും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 24.7.2019-ലെ GE01/AEE/LSGD/AKD/19-20 കത്ത് പ്രകാരം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. മേൽപറഞ്ഞ സാധനങ്ങൾ ലേലം ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കാൻ 7.4.2022-ലെ ഓഡിറ്റ് അന്വേഷണം നമ്പർ 1 പ്രകാരം ആവശ്യപ്പെട്ടതിന് ടി സാധനങ്ങൾ തൃപ്രയാർ സി.എച്ച്.സി-യിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട് എന്നും ലേലനടപടികൾ സ്വീകരിക്കുന്നതിന് തൃപ്രയാർ സി.എച്ച്.സി.സൂപ്രണ്ടിനെ ഉടൻ ചുമതലപ്പെടുത്തി ലേല നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. 24.07.2019-ൽ വാല്യവേഷൻ നൽകിയ സാധനങ്ങൾ നാളിതുവരെ ലേലം ചെയ്യാതെ സൂക്ഷിച്ചത് ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അനാസ്ഥയായി ഓഡിറ്റ് കണക്കാക്കുന്നു. ലേല നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് KPWD മാന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും അങ്ങനെ ചെയ്യാത്ത പക്ഷം 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി ഉടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ മാന്വൽ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -71/20 - താന്ന്യം ഗ്രാമപഞ്ചായത്തിലെ ലിറ്റിൽ ഫ്ലവർ അംഗൻവാടിക്ക് കെട്ടിടനിർമ്മാണം<br>അടങ്കൽ - 624280<br>കരാർ തുക – 1203375<br>TS No.71346/2018-19<br>കരാറുകാരൻ - കെ ബി പ്രദീപ് കുമാർ<br>എഗ്രിമെന്റ് നം.:09/2018-19 /AE/LSGD/AKD Dt.15.12.2018<br>അളവു പുസ്തകം-8/17-18, 18/17-18, 19/17-18, 24/17-18<br>ട്രഷറി ബിൽ നമ്പർ 3/14.10.2019 - 463037/-<br>6/25.2.2020 - 30811/-<br>ചെലവ് തുക – 493848/- (2019-20)<br>2018-19-ലെ ചെലവ് - 675720 | 01-11-2018 | 14-11-2018 | 15-12-2018 | 12034 |

മേൽപറഞ്ഞ അപാകതയ്ക്ക് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 2/07.04.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി തുക ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഉത്തരവാദികളിൽ നിന്നും തുക ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

### 1-25 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPWD മാന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി.എഞ്ചിനീയർ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -71/20 - താന്ന്യം | 15.12.2018 | 14.09.2019 | 16.01.2020 | 36102 |

| | | | | | |
|---|---|---|---|---|---|
| | ഗ്രാമപഞ്ചായത്തിലെ ലിറ്റിൽ ഫ്ലവർ അംഗൻവാടിക്ക് കെട്ടിടനിർമ്മാണം<br>അടങ്കൽ - 624280<br>കരാർ തുക – 1203375<br>TS No.71346/2018-19<br>കരാറുകാരൻ - കെ ബി പ്രദീപ് കുമാർ<br>എഗ്രിമെന്റ് നം.:09/2018-19 /AE/LSGD/AKD Dt.15.12.2018<br>അളവു പുസ്തകം- 8/17-18, 18/17-18, 19/17-18, 24/17-18<br>ട്രഷറി ബിൽ നമ്പർ 3/14.10.2019 - 463037/-<br>6/25.2.2020 - 30811/-<br>ചെലവ് തുക – 493848/- (2019-20)<br>2018-19-ലെ ചെലവ് - 675720 | | | | |
| | | | | ആകെ | 36102 |

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 3/07-04-2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി തുക ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

14.03.2018-ലെ സർക്കാർ ഉത്തരവ് നം.690/18/തസ്വഭവ. പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ എഞ്ചിനീയർമാരുടെ ആവശ്യത്തിന് മാനദണ്ഡങ്ങൾ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. ഇതേ ഉത്തരവിൽ തന്നെ എഞ്ചിനീയർമാർക്ക് വാഹനം ഇല്ലാത്ത നഗരസഭകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും നിലവിലുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് വാഹനം വാങ്ങാവുന്നതാണ് എന്നും പറയുന്നു. ഈ ഉത്തരവ് പ്രകാരം എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കാൻ അനുമതിയുള്ളത് ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്വന്തമായി വാഹനം വാങ്ങുന്നതിനാണ് അനുമതിയുള്ളത്. മേൽ ഉത്തരവിലെ നിർദ്ദേശത്തിനു വിരുദ്ധമായി നഗരസഭയിലെ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ ആവശ്യത്തിലേക്കായി ക്വട്ടേഷൻ പ്രകാരം സനീഷ് എ ഡി എന്നയാളുടെ വാഹനം വാടകയ്ക്ക് എടുത്തതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ - 92/2020

അടങ്കൽ - 170000

ചെലവ് - 120000

| മാസം | ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|---|
| 11/2019 | 2/04.12.2019 | 24000 |

| | | |
|---|---|---|
| 12/2019 | 3/06.01.2020 | 24000 |
| 1/2020 | 4/06.02.2020 | 24000 |
| 2/2020 | 6/04.03.2020 | 24000 |
| 3/2020 | 8/20.04.2020 | 24000 |
| | ആകെ | 120000 |

മുകളിൽ പറഞ്ഞ അപാകതക്ക് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 8/07.04.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്റ്റ് നടപ്പിലാക്കിയത് എന്നും നാളിതുവരെ വാഹനം വാടകയ്ക്ക് എടുത്തതിന് സർക്കാരിൽ നിന്നും അനുമതിയും സ്പഷ്ടീകരണവും ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നുള്ള സ്പഷ്ടീകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 120000/- തടസ്സപ്പെടുത്തുന്നു.

## 1-27 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPWD മാന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ -61/20 - ജയന്തി പടവ് കൾവർട്ട് നിർമ്മാണം (സ്പിൽ ഓവർ) അടങ്കൽ - 202927 കരാർ തുക – 787590 TS No.79142/16-17 കരാറുകാരൻ - നാരായണൻ കെ കെ എഗ്രിമെന്റ് നം.:11/2016-17 /AE/LSGD/AKD Dt.24.03.2017 അളവു പുസ്തകം- 40/17-18 ട്രഷറി ബിൽ | 24.03.2017 | 23.03.2018 (സാങ്കേതിക അനുമതി രേഖയിലോ എഗ്രിമെന്റിലോ എഗ്രിമെന്റ് രജിസ്റ്ററിലോ പൂർത്തീകരിക്കേണ്ട തീയതി ചേർത്തിട്ടില്ല. ഏകവർഷ പ്രോജക്റ്റുകളുടെ പരമാവധി കാലയളവായ ഒരു വർഷം എന്ന് കണക്കാക്കുന്നു) | 25.03.2019 | 7876 (1%) |

| | | | | | | |
|---|---|---|---|---|---|---|
| | നമ്പർ 1/14.5.2019 – 156777/- ചെലവ് തുക – 156777/- (2020-21) 597073/- (2019-20) | | | | | |

കരാറുകാരന്റെ അപേക്ഷയെത്തുടർന്ന് പിഴ 1% ആയി കുറച്ച് നൽകിയെങ്കിലും ഫൈനൽ ബില്ലിൽ നിന്നും 1% തുകയും ഈടാക്കിയിട്ടില്ല. മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 6/07.04.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി തുക ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഉത്തരവാദികളിൽ നിന്നും തുക ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 പൊതുമരാമത്ത് പണികൾ - പൊതു അപാകതകൾ

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ—കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ള്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2019-20, 2020-21 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപ് നിലവിലുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്.

3) പൊതുമരാമത്ത് പണിയുടെ ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17(3) പ്രകാരം, പൊതുമരാമത്ത് പണിയുടെ ഡിസ് പ്ലേ ബോർഡുകൾ പണിസ്ഥലത്ത് പ്രദർശിപ്പിക്കുന്നതിന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

4) ആസ്തിയുടെ യുണീക്ക് നംപർ പ്രോജക്ട് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നില്ല. അതുകാരണം ആസ്തിയുടെ അസ്ഥിത്വം ഉറപ്പിക്കാനാവുന്നില്ല.
5) 5) സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും അങ്ങനെ ചെയ്യാത്ത പക്ഷം 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി ഉടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസിൽ നോട്ടീസ് കൈപ്പറ്റി 21 ദിവസത്തിനകം കരാർ വയ്ക്കുവാനാണ് ആവശ്യപ്പെട്ടുവരുന്നത്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 10/8.4.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ മേൽപറഞ്ഞ അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് KPWD മാന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും അങ്ങനെ ചെയ്യാത്ത പക്ഷം 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി ഉടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ മാന്വൽ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -71/20 - താന്ന്യം ഗ്രാമപഞ്ചായത്തിലെ ലിറ്റിൽ ഫ്ലവർ അംഗൻവാടിക്ക് | 01-11-2018 | 14-11-2018 | 15-12-2018 | 12034 |

| | | | | | |
|---|---|---|---|---|---|
| | കെട്ടിടനിർമ്മാണം<br>അടങ്കൽ - 624280<br>കരാർ തുക – 1203375<br>TS No.71346/2018-19<br>കരാറുകാരൻ - കെ ബി പ്രദീപ് കുമാർ<br>എഗ്രിമെന്റ് നം.:09/2018-19 /AE/LSGD/AKD Dt.15.12.2018<br>അളവ് പുസ്തകം-8/17-18, 18/17-18, 19/17-18, 24/17-18<br>ട്രഷറി ബിൽ നമ്പർ 3/14.10.2019 - 463037/-<br>6/25.2.2020 - 30811/-<br>ചെലവ് തുക – 493848/- (2019-20)<br>2018-19-ലെ ചെലവ് - 675720 | | | | |

മേൽപറഞ്ഞ അപാകതയ്ക്ക് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 2/07.04.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി തുക ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഉത്തരവാദികളിൽ നിന്നും തുക ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPwD മന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി.എഞ്ചിനീയർ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ -71/20 -<br>താന്ന്യം ഗ്രാമപഞ്ചായത്തിലെ ലിറ്റിൽ ഫ്ലവർ അംഗൻവാടിക്ക് കെട്ടിടനിർമ്മാണം | 15.12.2018 | 14.09.2019 | 16.01.2020 | 36102 |

| | | | | | |
|---|---|---|---|---|---|
| | അടങ്കൽ - 624280<br>കരാർ തുക – 1203375<br>TS No.71346/2018-19<br>കരാറുകാരൻ - കെ ബി പ്രദീപ് കുമാർ<br>എഗ്രിമെന്റ് നം.:09/2018-19 /AE/LSGD/AKD Dt.15.12.2018<br>അളവു പുസ്തകം- 8/17-18, 18/17-18, 19/17-18, 24/17-18<br>ട്രഷറി ബിൽ നമ്പർ 3/14.10.2019 – 463037/-<br>6/25.2.2020 – 30811/-<br>ചെലവ് തുക – 493848/- (2019-20)<br>2018-19-ലെ ചെലവ് - 675720 | | | | |
| | | | | ആകെ | 36102 |

ആകെ കരാർ തുകയുടെ 3% പിഴ ഈടാക്കേണ്ടതായിരുന്നുവെങ്കിലും കരാറുകാരന്റെ അപേക്ഷയെ തുടർന്ന് പിഴ 1% ആയി കുറക്കുന്നതിന് തീരുമാനിച്ചതായി ഫയലിൽ കാണുന്നു. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും 1% തുകയും ഈടാക്കിയിട്ടില്ല.

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 3/07-04-2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി തുക ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPWD മന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -61/20 - ജയന്തി പടവ് കൾവർട്ട് നിർമ്മാണം (സ്പിൽ ഓവർ) അടങ്കൽ - 202927 കരാർ തുക - 787590 TS No.79142/16-17 കരാറുകാരൻ - നാരായണൻ കെ കെ എഗ്രിമെന്റ് നം.:11/2016-17 /AE/LSGD/AKD Dt.24.03.2017 അളവ് പുസ്തകം- 40/17-18 ട്രഷറി ബിൽ നമ്പർ 1/14.5.2019 - 156777/- ചെലവ് തുക - 156777/- (2020-21) 597073/- (2019-20) | 24.03.2017 | 23.03.2018 (സാങ്കേതിക അനുമതി രേഖയിലോ എഗ്രിമെന്റിലോ എഗ്രിമെന്റ് രജിസ്റ്ററിലോ പൂർത്തീകരിക്കേണ്ട തീയതി ചേർത്തിട്ടില്ല. ഏകവർഷ പ്രോജക്ടുകളുടെ പരമാവധി കാലയളവായ ഒരു വർഷം എന്ന് കണക്കാക്കുന്നു) | 25.03.2019 | 7876 (1%) |

കരാറുകാരന്റെ അപേക്ഷയെ തുടർന്ന് പിഴ 1% ആയി കുറച്ച് നൽകിയെങ്കിലും ഫൈനൽ ബില്ലിൽ നിന്നും 1% തുകയും ഈടാക്കിയിട്ടില്ല.

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 6/07.04.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി തുക ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഉത്തരവാദികളിൽ നിന്നും തുക ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| അന്തിക്കാട് ഗ്രാമപഞ്ചായത്ത് | 333924 | 350000 | 683924 | | 70000 | 613924 |
| മണലൂർ ഗ്രാമപഞ്ചായത്ത് | 712949 | 30000 | 742949 | | 158320 | 584629 |

| | | | | | | |
|---|---|---|---|---|---|---|
| ചാഴൂർ ഗ്രാമപഞ്ചായത്ത് | 145300 | 140000 | 285300 | | 148000 | 137300 |
| അരിമ്പൂർ ഗ്രാമപഞ്ചായത്ത് | 50250 | 70000 | 120250 | | 160000 | -39750 |
| താന്ന്യം ഗ്രാമപഞ്ചായത്ത് | 280975 | 0 | 280975 | | 146000 | 134975 |
| ആകെ | 1523398 | 590000 | 2113398 | | 682320 | 1431078 |
| ജില്ലാ പഞ്ചായത്ത് | 2190056 | 0 | 2190056 | | 930900 | 1259156 (വാർഷിക കണക്ക് B4 പത്രിക പ്രകാരം 2043156 രൂപയാണ് നീക്കിയിരിപ്പ്. വ്യത്യാസത്തിന് കാരണം കണ്ടെത്തേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.) |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പ്രോജക്ട് നമ്പർ 79 – മുനയം റോഡ് എസ് സി കോളനി കുടിവെള്ള പദ്ധതി | 21900226 | 750000 | 750000 | 0 |
| കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പ്രോജക്ട് നമ്പർ 14 – ചാഴൂർ ഗ്രാമപഞ്ചായത്ത് കന്നംതുരുത്ത് എസ് സി കോളനി കുടിവെള്ള പദ്ധതി | 21900582 | 715000 | -- | 715000 |

വാർഷിക കണക്കുകളുടെ B-18 പട്ടിക പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് നൽകിയതിൽ 750000/-രൂപയും, KSEBയ്ക്ക് നൽകിയതിൽ 190156 രൂപയും ചെലവഴിക്കുവാൻ ബാക്കിയുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കിയ കണക്കുകളിൽ ഇത് ഉൾപ്പെട്ടിട്ടില്ല. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല

## 4-6 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ലഭ്യമല്ല

## 4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 42285436 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 43150158 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 56012 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 14621571 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | വരവ് നഷ്ടം | ചെലവു നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 3-1 | | 12034 | ശ്രീ സന്ദീപ് സി എസ്, അസി.എഞ്ചിനീയർ |
| 3-2 | | 36102 | ശ്രീ സന്ദീപ് സി എസ്, അസി.എഞ്ചിനീയർ |
| 3-3 | | 7876 | ശ്രീമതി ഗ്രേസി, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | ആകെ | 56012 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 205000 | ശ്രീമതി ശ്രീജ വി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-18 | 50000 | ശ്രീമതി ആനി എം ഒ, പട്ടികജാതി വികസന ഓഫീസർ |
| 1-20 | 2803120 | ശ്രീമതി ജോളി വിജയൻ, സെക്രട്ടറി |
| 1-20 | 545490 | ശ്രീ അമൽദാസ് കെ ജെ, സെക്രട്ടറി |
| 1-21 | 9397961 | ശ്രീമതി ജോളി വിജയൻ, സെക്രട്ടറി |
| 1-21 | 1000000 | ശ്രീ അമൽദാസ് കെ ജെ, സെക്രട്ടറി |
| 1-21 | 500000 | ശ്രീമതി സരിത എ കെ, സെക്രട്ടറി |
| 1-26 | 120000 | ശ്രീമതി.ഗ്രേസി, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 14621571 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സന്ദീപ് സി എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തളിക്കുളം ബ്ലോക്ക് | ചക്കച്ചാംപറമ്പിൽ വീട്, കാട്ടുങ്ങച്ചിറ, ഇരിങ്ങാലക്കുട,പിൻ 680125 |
| ശ്രീമതി ഗ്രേസി, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരുമ്പാവൂർ മുനിസിപ്പാലിറ്റി | പയ്യപ്പിള്ളി വീട്, Near CKM, എറണാകുളം |
| | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.ടി.15-1468/98/10.5.99 | |
| 1998-99 ചെലവ് | എൽ.എഫ്.ടി.15-1775/06/5.3.07 | |
| 1998-99 വരവ് | എൽ.എഫ്.ടി.21-69/08/13.4.09 | |
| 1999-2000 | എൽ.എഫ്.ടി.21-70/08/13.4.09 | |
| 2000-01 | എൽ.എഫ്.ടി.21-71/08/13.4.09 | |
| 2001-02 | എൽ.എഫ്.ടി.21-72/08/13.4.09 | |
| 2002-03 | എൽ.എഫ്.ടി.21-73/08/13.4.09 | |
| 2003-04 | എൽ.എഫ്.ടി.21-75/08/13.4.09 | |
| 2004-05 | എൽ.എഫ്.ടി.(ബി.പി)385/11/ 17.9.11 | |
| 2005-06 | എൽ.എഫ്.ടി.(ബി.പി)386/11/ 17.9.11 | |
| 2006-07 | എൽ.എഫ്.ടി.(ബി.പി)387/11/ 17.9.11 | |
| 2007-08 | എൽ.എഫ്.ടി.(ബി.പി)388/11/ 17.9.11/15.10.13 | |
| 2008-09 To10-11 | എൽ.എഫ്.ടി.(ബി.പി)1475/12/ 15.2.13/26.03.13 | |
| 2011-12 | എൽ.എഫ്.ടി.(ബി.പി)229/13/ 15.4.13/3.8.13 | |
| 2012-13 | എൽ.എഫ്.ടി.(ബി.പി)1276/2014/ 10.10.14/12.11.14 | |
| 2013-14 | കെ എസ് എ ടി എസ് ആർ(ബിപി2)1683/2015 തീയതി 5.12.2015/7.1.2016 | |

| | | |
|---|---|---|
| 2014-15,2015-16 | കെ എസ് എ ടി എസ് ആർ(ബിപി)772/17 തീയതി 27.5.2017 | |
| 2016-17 | കെ എസ് എ ടി എസ് ആർ(ബിപി1)1001/17 തീയതി 09.08.2017 | |
| 2017-18 | കെ എസ് എ ടി എസ് ആർ(ബിപി1)127/19 തീയതി 04.04.2019 | |
| 2018-19 | കെ.എസ്.എ-ടി.എസ്.ആർ. (ബി.പി.2)1029/2019 തീയതി :20.08.2019 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്